**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **12-12-2022 - ൽ മറുപടിയ്ക്ക്**

**ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശിശുക്ഷേമ സമിതി ഭാരവാഹികൾ സ്ഥാനമൊഴിയണമെന്ന ഹൈക്കോടതി ഉത്തരവുണ്ടായിട്ടും സമിതി ഭാരവാഹികൾ അത് പാലിക്കാതെ അനധികൃതമായി തത്സ്ഥാനങ്ങളിൽ തുടരുന്നതും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഹൈക്കോടതി ഉത്തരവിന് ശേഷം സമിതി ഭാരവാഹികൾ തത്സ്ഥാനങ്ങളിൽ തുടരുകയോ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോടതി ഉത്തരവ് നിലനിൽക്കെ ഭാരവാഹികളുടെ നേതൃത്വത്തിൽ പൊതുപരിപാടി സംഘടിപ്പിച്ചു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | കോടതി ഉത്തരവ് നിലനിൽക്കെ സംസ്ഥാന ശിശുക്ഷേമ സമിതി ഭാരവാഹികളുടെ നേതൃത്വത്തിൽ പൊതുപരിപാടി സംഘടിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടും തൽസ്ഥാനത്തു തുടർന്ന സമിതി ഭാരവാഹികളെ പുറത്താക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയതിന് ശേഷം ഭരണ സമിതി തൽസ്ഥാനത്ത് തുടരുന്നില്ല. ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റർ ഭരണച്ചുമതല വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ